**File No.SJD/1810/2020-E5**

**<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**
**<u>(ഹാജർ : ഷീബ ജോർജ്ജ് IAS)</u>**

തിരുവനന്തപുരം

ഉത്തരവ് നം:ഇ 5-1810/2020-SJD

തീയതി: 23/05/2021

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം -കോവിഡ്-19 പ്രതിരോധ പ്രവർത്തനം ജീവനക്കാരുടെ ഹാജർക്രമീകരണം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 സാമൂഹ്യനീതി ഡയറക്ടറുടെ 09.05.2021 ലെ ഇതേ നം ഉത്തരവ്.

2 സാമൂഹ്യനീതി ഡയറക്ടറുടെ 04.05.2021 ലെ ഇ 5-1810/2020 നം ഉത്തരവ്.

കോവിഡ്-19 നിർവ്യാപന പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ലോക് ഡൌൺ പ്രാഖ്യാപിയ്ക്കുകയും അവശ്യവിഭാഗം സർവീസുകൾ ഒഴികെയുള്ള സർക്കാർ ഓഫീസുകൾ അടച്ചിടുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.'Social Justice Institutions ' അവശ്യ സർവീസായതിനാൽ ടി സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബില്ലുകൾ മാറുന്നതിനും അലോട്ട്മെന്റ് അനുവദിയ്ക്കുന്നതിനും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അക്കൌണ്ട്സ് , ബിൽ സെക്ഷൻ ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

15-ാം കേരള നിയമ സഭയുടെ 1-ാം സമ്മേളനം 2021 ജൂൺ 07 മുതൽ ജൂൺ 14 വരെ ചേരുന്ന സാഹചര്യത്തിൽ നിയമസഭാ ചോദ്യവുമായി ബന്ധപ്പെട്ടുള്ള മറുപടി സർക്കാരിൽ യഥാസമയം സമർപ്പിയ്ക്കേണ്ടതിനാൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പ്രകാരം തിരുവനന്തപുരം , കൊല്ലം ജില്ലകളിലെ ജീവനക്കാർ 25% ഓഫീസിൽ ഹാജരാകുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഓഫീസിൽ ഹാജരാകുവാൻ കഴിയാത്ത മറ്റ് ജില്ലയിലെ ജീവനക്കാർ വർക്ക് ഫ്രം ഹോം നയം സ്വീകരിച്ച് ഇ ഓഫീസ് മുഖാന്തിരം ജോലി നിർവ്വഹിയ്ക്കേണ്ടതും നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ അതാത് സെക്ഷനിൽ ഫയലുകൾ പെൻറ്റിംഗ് ഇല്ലെന്ന് unit ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**(ഒപ്പ്)**
സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജീവനക്കാർക്കും

<u>പകർപ്പ് :</u>

1. ഡയറക്ടറുടെ സി.എ.
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്